വൈദ്യുതി ബോർഡിന് സഹായം

113 (1655) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണകുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ് കുടിശ്ശികതുക ബോർഡിന് നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വൈദ്യുതി ബോർഡിന് അടിയന്തിര ധനസഹായം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും ജനുവരി മുതലുള്ള വൈദ്യുതി ചാർജ് മുടക്കം കൂടാതെ അടയ്ക്കുന്നതിന് 21-10 -2002-ലെ ജി.ഒ.(എം.എസ്.) നമ്പർ.30/2002/പി.ഡി. എന്ന ഓർഡർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് വകുപ്പുകൾ, വാട്ടർ അതോറിറ്റി, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതി കുടിശ്ശികയ്ക്ക് പരിഹാരം കാണുന്നതിലേയ്ക്കായി മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുടെ ഒരു യോഗം വിളിച്ചുകൂട്ടി മേൽനടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതി ബോർഡിന്റെ ചെലവു കുറയ്ക്കാൻ നടപടി

114 (1657) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്തനച്ചെലവ് കുറച്ചുകൊണ്ടു വരുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വിദ്യുച്ഛക്തിവകുപ്പിൽ സാധനങ്ങൾ വാങ്ങുന്നതിന് നിലവിലുള്ള പർച്ചേസ് വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly